# പള്ളികഥകൾ

## മിനികഥകൾ തൊണ്ണൂറ്റി ഒന്നത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ, ഓത്ത്ഡോക്സ് സഭയിലെ ഒരച്ചന്റെകഥയാണ് ഇവിടെ പറയാൻ പോകുന്നത്. ഇതാരേയും വ്യക്തിപരമായി ഹനിക്കണമെന്ന് ആഗ്രഹിച്ച് പറയുന്നതല്ല.

# അമേരിക്കയിൽ

അച്ചൻ അമേരിക്കയിൽ എന്നതാണ് ശരിയായ ശീഷ്കം. എന്നാൽ അത്രയും ദീഘ്മായി എഴുതണ്ടായെന്ന് കരുതിയാണ് ഇത്രയും ചെറുതാക്കി കൊടുക്കുന്നത്.

പെറ്റു വീണപ്പോഴേ അമ്മ എന്നു പറയുന്നതിനു പകരം അമേരിക്ക എന്നു പറഞ്ഞാണ് ഫ്രാൻസിസ് വളന്നത്. അത്രയ്ക്ക് അമേരിക്കയോട് അതിയായ താല്പര്യമുണ്ടായിരുന്നു.

അയൽപക്കത്തെ ബെൻസി അമ്മാമ്മയും ഭത്താവ് ഐസക്കും അമേരിക്കയിൽ നിന്ന് അവധിക്കു വരുന്നതു കണ്ടാണ് ഓമ്മ വെച്ച നാൾ മുതൽ അയാൾ വളന്നത്. അവിടെ നിന്നും കൊണ്ടു കൊടുക്കുന്ന മുട്ടായികൾ നുണഞ്ഞാണ് അമേരിക്കയുടെ സ്വാദ് അറിഞ്ഞത്.

''മോനേ ഇത് അമേരിക്കയിലെ മുട്ടായി ആണെടാ'' എന്നാണ് അന്ന് അമ്മച്ചി പറഞ്ഞു കേട്ടിരുന്നത്. ''എനിച്ചും അമേരിക്കയിൽ പോകണം'' എന്ന് വത്മാനപ്രായമായപ്പോൾ മുതൽ അവൻ പറയാൻ തുടങ്ങി. ''എങ്ങിനെയെങ്കിലും ഒരു കച്ചിതുരുമ്പ് തന്ന് എന്നെ അക്കരെ കടത്തിയാൽ മതി, ബാക്കി ഞാനേറ്റു'' അയാൾ പലരോട് പല ആവത്തി പറഞ്ഞു. അറബി രാജ്യത്ത് എവിടെയെങ്കിലും കൊണ്ടു പോകാമെന്ന് പലരും പല തവണ പറഞ്ഞിട്ടും അയാൾക്ക് അതിന് താല്പര്യമില്ലായിരുന്നു.

ഫ്രാൻസിസ് പഠിക്കാൻ ബഹു മിടുക്കനായിരുന്നു. നല്ല ദൈവ ഭക്തിയും കഠിനാദ്ധ്വാനവും അയാൾക്കുണ്ടായിരുന്നു. ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന കുടുംബം കഷ്ടപ്പെട്ട് അയാളെ കോളേജിലാക്കി. ബി. എ. കഴിഞ്ഞപ്പോൾ ദൈവ വിളി ഉണ്ടായി. സെമിനാരിയിലെ ജീവിതം വളരെ കഷ്ടപ്പാടു നിറഞ്ഞതായിരുന്നു. ഇടവകക്കാർ പലവിധത്തിൽ സഹായിച്ചു. ഇടവകയുടെ ഒരച്ചനാകുമെന്നവർ ആശ്വസിച്ചു. ശെമ്മാശ്ശനായി ദീഘകാലം നോക്കി, ഏതെങ്കിലും അമേരിക്കകാരി വന്ന് കെട്ടി കൊണ്ടു പോകുമെന്ന്.

ശെമ്മാശ്ശനായി പല പള്ളികളിലും പോയി പ്രസംഗിച്ചും പലരുടേയും പല അച്ചന്മാരുടേയും വീട്ടിൽ പോയി താമസിച്ചു. അങ്ങിനെ പ്രായമായ കുരുവിള അച്ചന്റെ വീട്ടിലും പോയി താമസിച്ചു. മെത്രാൻ ഉണ്ടായിരുന്ന കുടുംബത്തിലേതാണ് കുരുവിള അച്ചൻ. പോരാത്തതിന് പഴയ തറവാട്ടുകാരും.

പുര നിറഞ്ഞു നിൽക്കുന്ന രണ്ടു പെൺപിള്ളേർ കുരുവിള അച്ചനുണ്ടായിരുന്നു. അതിൽ മൂത്തവൾ ദീനാമ്മയ്ക്ക് ഫ്രാൻസിസ് ശെമ്മാശ്ശനെ വളരെ ഇഷ്ടപ്പെട്ടു. അയാളുടെ സ്വരമാധുര്യവും ഉഗ്രൻ പ്രസംഗവും അവൾക്ക് നന്നേ ബോധിച്ചു. കറുപ്പല്ലങ്കിലും കറപ്പിനോടടുത്ത നിറമുള്ള അവളെ ഫ്രാൻസിസിന് അത്രയും ഇഷ്ടമല്ലായിരുന്നു. എന്നാൽ അവളുടെ പ്രാത്ഥനാ ജീവിതവും ദൈവഭക്തിയും അയാൾക്ക് ഇഷ്ടമായി.

സ്ത്രീധനം കൊടുക്കാൻ കുരുവിള അച്ചന് പ്രാപ്തി ഇല്ലായിരുന്നു നല്ല സ്ത്രീധനം വാങ്ങിയേ കെട്ടു നടക്കത്തുള്ളു എന്ന് അയാളുടെ അമ്മയ്ക്ക് വാശി ആയിരുന്നു. ''ലക്ഷങ്ങൾ വാങ്ങിച്ചേ എന്റെ മകനെ കെട്ടിയ്ക്കത്തുള്ളൂയെന്ന് ആ വിധവ വിലപിച്ചു. അവസാനം നാട്ടുകാരുടേയും വീട്ടുകാരുടേയും നിബന്ധത്തിനു വഴങ്ങി ശെമ്മാശ്ശൻ ദീനാമ്മയെ കെട്ടി.

നോയമ്പിലും പ്രാത്ഥനയിലും ദീനാമ്മയെ തോല്പിക്കാൻ ഭൂമുഖത്തിൽ വേറെ ആരുമില്ലായിരുന്നു. അവളുടെ പ്രാത്ഥനാജീവിതം കൊണ്ടാണ് ഇത്രയും പരമ യോഗ്യനായ ഒരാളെ ഭത്താവായി കിട്ടിയതെന്നുള്ളത് മറ്റുള്ളവക്കൊപ്പം അവൾക്കും അറിയാമായിരുന്നു.

ഫ്രാൻസീസ് വെളുത്ത നിറമുള്ള ആളല്ലായിരുന്നു. അയാളും കറുത്ത നിറമല്ലങ്കിലും കറപ്പിനോടടുത്ത നിറമായിരുന്നു. അവർ ഭാര്യാഭത്താക്കന്മാർ ഒരേ നിറമായിരുന്നു. അവളുടെ സ്വഭാവം അയാളെ അവളിലേക്കാകഷിച്ചു. അയാളെ കുരുവിള അച്ചൻ ദത്തെടുത്താണ് വിവാഹം നടത്തിയത്. തന്മൂലം കുരുവിള അച്ചന്റെ വീടും സ്വത്തും എല്ലാം ഫ്രാൻസീസിന് സ്വന്തമായി. പക്ഷേ, അനുജത്തിയുടെ എല്ലാ കാര്യങ്ങൾക്കും ഫ്രാൻസീസ് ഉത്തരവാദി ആയി. കൂടാതെ കുരുവിള അച്ചന്റെ കാല ശേഷം കൊച്ചമ്മയുടെ കാര്യങ്ങൾക്കും അയാളെയാണ് ചുമതലക്കാരനാക്കിയത്.

ദീനാമ്മ ഉദ്യോഗക്കാരി ആയിരുന്നു. നേഴ്സിംഗ് വിഭാഗമാണ്. പ്രായമായ മാതാപിതാക്കൾക്ക് മാത്രമല്ല ആ കുഗ്രാമത്തിലുള്ളവക്കെല്ലാം അത് തുണ ആയിരുന്നു. ഫ്രാൻസീസ് അച്ചനായി. മനോഹരമായ ആരാധന. ഹൃദയസ്പശമായ പ്രാത്ഥനകൾ. നല്ല സ്വന മാധര്യമുള്ള ആരാധനകൾ. ഓത്ത്ഡോക്സ് സഭയ്ക്ക് ദാനമായി കിട്ടിയ നല്ല അച്ചൻ. അത്ഥ സമ്പുഷ്ടമായ പ്രസംഗം. പല പള്ളിക്കാരും അച്ചനെ വിളിച്ച് ആരാധന നടത്തി. അങ്ങിനെ ഒരിക്കൽ ഫ്രാൻസിസ് അച്ചൻ കുബ്ബാന നടത്തുന്നിടത്ത് അപ്രതീക്ഷിതമായി അമേരിക്കയിലെ മെത്രാച്ചൻ ഉണ്ടായി. ഈ അച്ചനെക്കുറിച്ചും അച്ചന്റെ ആരാധനയെക്കുറിച്ചും അദ്ദേഹവും കേട്ടിരുന്നു.

ആയിടയ്ക്ക് അമേരിക്കയിൽ ഒരിടത്ത് ഒരാളെ ഈ മെത്രാച്ചൻ അച്ചനാക്കിയിരുന്നു. വക്കിയച്ചൻ വിശുദ്ധ കുബ്ബാന ഭംഗിയായി ചൊല്ലുമെങ്കിലും സെമിനാരിയിൽ പഠിച്ചിട്ടില്ലാത്തതു കാരണം ഹാശ ആഴ്ചയിലെ ക്രമങ്ങൾ നടത്താൻ അറിയത്തില്ലായിരുന്നു. അത് പഠിപ്പിക്കാൻ പറ്റിയ ഒരച്ചനെ അന്വേഷിച്ച് നടക്കുകയായിരുന്നു. തേടിയ വള്ളി കാലിൽ ചുറ്റി. രോഗി ഇഛിച്ചതും വൈദ്യൻ കല്പിച്ചതും പാൽ എന്നതുപോലെ നമ്മുടെ ഫ്രാൻസീസ് അച്ചന് അമേരിക്കയിൽ വിസിറ്റിംഗ് വിസായിൽ വരാൻ സാദ്ധ്യമായി.

ദീനാമ്മയും ജനിച്ചപ്പോൾ മുതൽ അമേരിക്കയെ സ്വപ്നം കണ്ടു കഴിയുകയായിരുന്നു. അവളുടെ പ്രാത്ഥനയും ഉപവാസവും കൊണ്ടാണ് ഈ ഭാഗ്യം ഇപ്പോൾ കിട്ടിയതെന്ന് അവൾ വിശ്വസിക്കുന്നു. അതിരാവിലെ എഴുന്നേറ്റ് മൂന്ന് ബസ് കയറിയാണ് അവൾ സഭയുടെ തന്നെ ഒരാശുപത്രിയിൽ ജോലിക്കുപൊയ്ക്കൊണ്ടിരുന്നത്. വിധവായ അമ്മയേയും നോക്കി, രണ്ടു മക്കളുടെ കാര്യങ്ങളും നിറവേറ്റി വളരെയധികം കഷ്ടപ്പെട്ടായിരുന്നു അവൾ കഴിഞ്ഞിരുന്നത്.

ഫ്രാൻസീസ് അച്ചൻ ഹാശാ ആഴ്ചയിലെ ക്രമങ്ങളും മറ്റെല്ലാ കാര്യങ്ങളും കൊച്ചച്ചനെ പഠിപ്പിച്ചു കഴിഞ്ഞു. ''ഇത്രയും ചെയ്തു തന്ന ദൈവം ബാക്കി കാര്യങ്ങളും ചെയ്തു തരുമെന്നയാൾക്ക് ഉറപ്പായിരുന്നു. അമേരിക്കയിലെ വേറൊരു പുതിയ പള്ളിയിലേക്ക് അച്ചനെ കൊണ്ടു പോയി. അവരുടെ പരിശ്രമ ഫലമായി അച്ചൻ ഇമിഗ്രന്റായി. കാലതാമസം കൂടാതെ ദീനാമ്മയും മക്കളും എത്തി. എല്ലാമായപ്പോൾ നന്ദിയില്ലാതെ ആ പള്ളിക്കാരെ തെരുവിലാക്കി ഫ്രാൻസീസ് അച്ചനും കുടുംബവും വലിയ പള്ളി നോക്കി പോയി. ആ പോക്കിൽ അവർ വളരെ കഷ്ടപ്പെട്ട്, ഒരിക്കൽ ലക്ഷ്യത്തിലെത്തിയെങ്കിലും അവർ ഒരിക്കലും സന്തുഷ്ടരായില്ല, കേരളത്തിലെപോലെ.